# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: :13.12.2023 മുതൽ 17.12.2023വരെ)

## കോഴിക്കോട്ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/കെ.കെ.ഡി.-99/2023 | തീയ്യതി: 12/12/2023 |
|---|---|

### എ.പിന്നിട്ട അഞ്ച് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 40.7 | 33.6 – 35.2 | 24.0 – 26.2 | 64 – 95 | 00 - 04 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 13-12-2023 | 14-12-2023 | 15-12-2023 | 16-12-2023 | 17-12-2023 |
|---|---|---|---|---|---|
| മഴ, മി.മീ | 3 | 0 | 0 | 0.2 | 5 |
| കൂടിയതാപനില, °C | 34 | 35 | 35 | 35 | 35 |
| കുറഞ്ഞതാപനില, °C | 26 | 26 | 26 | 26 | 26 |
| കൂടിയആപേക്ഷികആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 64 | 64 | 64 | 64 | 64 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 2 | 2 | 2 | 2 |
| കാറ്റിന്റെദിശ, ഡിഗ്രി | 290 | 250 | 250 | 320 | 270 |
| മേഘവിന്യാസം, ഒക്ടാ | 8 | 7 | 4 | 7 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **മഴയില്ല **** | | |
| | മഴയില്ല. ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. പകൽസമയങ്ങളിൽ കൂടിയ ഊഷ്മാവും രാത്രികളിൽ കുറഞ്ഞ താപ നിലിയും അനുഭവപ്പെടും. | | |

<table>
<tr><td><u>പൊതുനിർദ്ദേശങ്ങൾ</u></td><td colspan="3">തുലാവർഷ സമയത്തു ലഭിക്കുന്ന മഴ വെള്ളം മണ്ണിൽ  പിടിച്ചുനിർത്താനായാൽ വരൾച്ച വരുന്നത് തടയാനും ജലസേചനം വൈകിപ്പിക്കാനും സഹായിക്കും.  കൃഷിയിടങ്ങളിൽ നിന്നും വെള്ളം അമിതമായി വാർന്നു പോകുന്നത് തടയുക.  വിലക്കട്ട് തടത്തിൽ ചകിരിചോറുപോലുള്ള ജലാഗിരണ ശേഷിയുള്ള വസ്തുക്കൾ വിതറുക, പുതയിടുക എന്നിവ ചെയ്യുക.   വളം ചേർക്കാനായി  തുറന്ന തടങ്ങൾ ജലം ശേഖരിക്കുന്നതിനും മണ്ണിൽ ജലം ഇറങ്ങി ചെല്ലുന്നതിനും സഹായിക്കും. ഒഴുകിപ്പോകുന്ന മഴവെള്ളം അവിടേക്കു തിരിച്ചു വിടുക,<br><br>വീണുകിടക്കുന്ന തേങ്ങാ, അടക്ക എന്നിവ നീക്കം ചെയ്യുക. രോഗം വന്നു നശിച്ച മരങ്ങൾ പൂർണമായും മുറിച്ചുമാറ്റി തീയിട്ടു നശിപ്പിക്കണം.<br><br>വാഴ  പോലുള്ള മൃദുകാണ്ഡവും എളുപ്പത്തിൽ മറിഞ്ഞു വീഴുന്നതുമായ വിളകൾക്ക് താങ്ങുകൾ നൽകി സംരക്ഷിക്കും.</td></tr>
<tr><td>മഴക്കാല വെള്ളം കെട്ടിനിൽക്കുന്ന ഇടങ്ങളിൽ വൈകി നടുന്ന രണ്ടാം വിള(മുണ്ടകൻ)</td><td colspan="3">മണ്ണിൽ ഇരുമ്പിന്റെ അംശം  കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. മണ്ണ് പരിശോധിച്ചതിനു ശേഷം ആവശ്യമായ അളവിൽ കുമ്മായം/ഡോളമേയ്റ്റ് ചേർത്ത് കൊടുക്കണം. മണ്ണ് പരിശോധന സാധ്യമായില്ല എങ്കിൽ പറിച്ചു നടുന്നതിനു രണ്ടാഴ്ച മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി നന്നായി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത്  രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു. നിലമൊരുക്കുന്ന സമയത്തു  ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം.<br><br>പാടത്തെ വെള്ളവും പോഷകാംശങ്ങളും  നഷ്ട്ടപെടാതിരിക്കാൻ ചുറ്റുമുള്ള വരമ്പുകളിലെ വിള്ളലും ദ്വാരങ്ങളും ചളി ഉപയോഗിച്ച് അടയ്ക്കുക.</td></tr>
<tr><td>പച്ചക്കറികൾ</td><td>തൈകൾ</td><td colspan="2">മണ്ണിൽ, സെന്റ്  ഒന്നിന് നാല് കിലോ വീതം കുമ്മായം വിതറുക. കൂടാതെ ട്രൈക്കോഡെർമ സമ്പുഷ്ടമാക്കിയ ചാണകമോ കമ്പോസ്റ്റോ ഉപയോഗിക്കുക.  ഇവ വാട്ട രോഗങ്ങളെ ചെറുക്കുന്നതിന് സഹായിക്കും.<br><br>പറിച്ചു നടുന്നതിനു തൊട്ടു മുന്നേ വേര് പ്സ്യൂഡോമോണാസ് ലായനി (20മില്ലി. പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)-ൽ  അര  മണിക്കൂർ മുക്കി വെക്കുക. നേരിട്ട് വിത്ത് നട്ടതാണെങ്കിൽ തൈകൾക്ക് ലായനി ഇലകളിൽ തളിക്കുക. ഇത് തൈകൾ കരുത്തോടെ വളരുന്നതിന് സഹായകമാകും.</td></tr>
<tr><td>തെങ്ങ്</td><td>വിവിധ ഘട്ടം</td><td>കൂമ്പു ചീയൽ<br></td><td>കൂമ്പുചീയൽ  ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള  തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും  ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം.</td></tr>
</table>

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | ചെമ്പൻ ചെല്ലി  | നിയന്ത്രണ മാർഗങ്ങൾ:- നേർപ്പിച്ച ഇമിഡാക്ളോർപ്രിഡ് (1മില്ലി ഒരു ലിറ്റർ വെള്ളത്തിൽ) ലായനി ചെല്ലി തുരന്ന ദ്വാരങ്ങളിൽ നിറയെ ഒഴിക്കുക. തോട്ടങ്ങളിൽ സമ്പൂർണ ശുചിത്വം അവലംബിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | തടത്തിൽ വെള്ളം കെട്ടിനിൽക്കാതിരിക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുക. മുൻകരുതലായി സ്യൂഡോമോണസ് ലായനി (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയത്) രണ്ടാഴ്ചയിടവേളകളിൽ തളിക്കുക<br>രോഗം ബാധിച്ചാൽ:- രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. കാർബൻഡാസിം അല്ലെങ്കിൽ മാങ്കോസബ് ഇവ രണ്ടാഴ്ച ഇടവേളയിൽ മാറി മാറി 2 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തളിക്കുക |
| കശുമാവ് | വിവിധ ഘട്ടം | തടിതുരപ്പൻ  | തായ്ത്തടികളിലും പുറമെ കാണുന്ന വേരുകളിലും ക്ലോർപൈറിഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി പുരട്ടുകയും മണ്ണിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യുക. 5 വർഷത്തിന് മുകളിൽ പ്രായമായ മരങ്ങളാണെങ്കിൽ ചെളി : ടാർ - മണ്ണെണ്ണ മിശ്രിതം (1:2അനുപാതത്തിൽ) മുൻകരുതലായി കൊടുക്കാവുന്നതാണ് |
| വെള്ളരി വർഗ്ഗ വിളകൾ | പൂഷ്പിക്കുന്ന ഘട്ടം | അസാധാരണമായ പൂക്കൊഴിച്ചൽ | 'സൊല്യൂബോർ' 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ കലർത്തി തളിച്ച് കൊടുക്കക. |
| ചീര | വിവിധ ഘട്ടം | ഇലകരിച്ചിൽ  | ജലസേചനം നടത്തുമ്പോൾ വെള്ളം ഇലകളുടെ മുകളിൽ വീഴാതെ തടത്തിൽ ഒഴിച്ച് കൊടുക്കുക. കരിച്ചിൽരൂക്ഷമായാൽചാണകത്തെളി (1കി.ഗ്രാം.ചാണകം 10 ലി. വെള്ളത്തിൽ കലക്കി അരിച്ചു തെളി എടുക്കുക) തളിച്ച് കൊടുക്കുക .കൂടാതെ 2% വീര്യത്തിൽ സ്യുഡോമോണാസ് /ട്രൈക്കോഡെർമ മണ്ണിൽ ഒഴിച്ച് കൊടുക്കുക. |

| | | | |
|---|---|---|---|
| പശു | വിവിധഘട്ടം | പാദ, വായ രോഗം   | അഫ്തോവൈറസ് അണുബാധ മൂലമുണ്ടാകുന്ന വളരെയേറെ പകരുന്ന രോഗമാണ് കാൽ, വായ് രോഗം. അണുബാധയുടെ ഫലമായി വായിലും ചുറ്റുപാടും കാലുകളിലും വെസിക്കുലാർ നിഖേദ് ഉണ്ടാകുന്നു, അതിന്റെ ഫലമായി ഒരു മൃഗം ഭക്ഷണം കഴിക്കാനോ നീങ്ങാനോ വിമുഖത കാണിക്കുന്നു.<br>**പ്രതിരോധം:** വ്യക്തിഗത മൃഗങ്ങൾക്കും അവയുടെ പാർപ്പിടത്തിനും ചുറ്റുപാടുകൾക്കും  ശുചിത്വ സാഹചര്യങ്ങൾ ഉറപ്പാക്കുക. ഹെൽത്ത് ടോണിക്കുകൾ അടങ്ങിയ വിറ്റാമിനുകളും ധാതുക്കളും അടങ്ങിയ തീറ്റകൾ നൽകിക്കൊണ്ട് കന്നുകാലികളുടെ പ്രതിരോധശേഷി വർദ്ധിപ്പിക്കുക. രോഗം വന്നാൽ ഉടൻ വെറ്ററിനറി ഡോക്ടറുടെ മേൽനോട്ടത്തിൽ മരുന്ന് നൽകുക. |

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | | |
|---|---|---|---|---|
| താക്കീത് (ഉടൻനടപടിയെടുക്കുക) | ജാഗ്രത (തയ്യാറാവുക) | | ശ്രദ്ധ (കാതോർക്കുക) | നിസ്സാരം (നടപടികൾആവശ്യമില്ല) |

ഒപ്പ്/-
നോഡൽ ഓഫീസർ

ഗ്രാമീണകൃഷികാലാവസ്ഥസേവപദ്ധതി